585

യേശു മഹേശനെ ഞാൻ
ചിന്തിപ്പതെ-ന്നുള്ളത്തിന്നാനന്ദമേ

1 ഈശനുടെ തിരു സന്നിധി ചേർന്നിനി
വിശ്രമം ചെയ്തു തന്റെ തിരുമുഖം കാൺമതത്യാനന്ദമേ-

2 വാനസൈന്യങ്ങളും മാനുഷജാലവും
ഊനമില്ലാതെ നിന്നെ വർണ്ണിക്കുവാൻ സാദ്ധ്യമതാകയില്ല-

3 മാനുഷരക്ഷകാ നിന്നുടെ നാമംപോൽ
വാനിലും ഭൂമിയിലും ഇല്ലേയൊരു നാമം നിനപ്പതിന്നു-

4 ഉള്ളം നുറുങ്ങിയോർക്കുള്ള പ്രത്യാശയും
നല്ല പ്രസാദവും നീ സർവ്വേശ്വരാ സൗമ്യതയുള്ളവർക്കേ-

5 എത്ര ദയാപരൻ വീഴുന്നവർക്കേശു
എത്ര നല്ല ഗുണവാൻ തേടിടുന്ന മർത്യഗണങ്ങൾക്കു താൻ-

6 കണ്ടിടും മാനവർക്കെന്തൊരാഹ്ലാദം നീ
ഉണ്ടോ നാവും പേനയും വർണ്ണിക്കുവാൻ ആ നല്ല സന്ദർഭത്തെ-

7 യേശുവിൻ സ്നേഹമതെന്തെന്നു ചൊല്ലുവാൻ
ആസ്വദിച്ചോർക്കല്ലാതെ മറ്റാർക്കുമസാദ്ധ്യമറിഞ്ഞിടുവാൻ-
T.K.